# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

08-06-2015- ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 126

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഹംസ : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ഏതെല്ലാം അനുമതി പത്രങ്ങൾ ആണ് ലഭിക്കേണ്ടത്;<br>(ബി) ഓരോ അനുമതി പത്രങ്ങളും ലഭ്യമായത് എന്നാണ് ; | (എ) & (ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനാവശ്യം വേണ്ടത് കേന്ദ്ര സർക്കാരിൽ നിന്നുള്ള പാരിസ്ഥിതികാനുമതിയാണ്. F. No. 11-122/2010 -1A -III (Govt. of India, MoEF) dated 10-06-2011 & F. No. 11-122/2011 -1A –III dated 01-07-2011 ഉത്തരവുകൾ പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായിട്ടുള്ള ടേംസ് ഓഫ് റഫറൻസിന് (ToR) കേന്ദ്ര വനം പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമായി. കേന്ദ്ര വനം പാരിസ്ഥിതിക മന്ത്രാലയം 2014 ജനുവരി 3 ാം തീയതി പാരിസ്ഥിതികാനുമതി നൽകി. കൂടാതെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച കേന്ദ്ര ധനമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി. |
| (സി) തുറമുഖ നിർമ്മാണത്തിനായുള്ള ഡി.പി.ആർ എന്നാണ് തയ്യാറാക്കിയത് ; | (സി) തുറമുഖ പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഡി. പി. ആർ (ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്) 2013 മെയ് മാസം 27 ാം തീയതി ആണ് തയ്യാറാക്കിയത്. |
| (ഡി) പ്രോജക്ട് കോസ്റ്റ് എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (ഡി) പദ്ധതിയുടെ സർക്കാർ ചെലവാക്കുന്ന ഫണ്ടഡ് വർക്കിന്റെ തുക 1463 കോടി രൂപ |

| | | | |
|---|---|---|---|
| | | | യാണ്. പി.പി.പി ഘടകത്തിന്റെ തുക 4089 കോടി രൂപയാണ്. ഇതിൽ 1635 കോടി രൂപ വി.ജി.എഫ് ആയി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കൂടി നല്കേണ്ടതുണ്ട്. ഫണ്ടഡ് വർക്കിന്റെയും പി.പി.പി ഘടകത്തിന്റെയും കൂടി മൊത്തം തുക 5552 കോടി രൂപയാണ്. ഇതിനു പുറമെ സ്ഥലമേറ്റെടുപ്പ്, മറ്റു അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് 1973 കോടി രൂപ ചെലവു കണക്കാക്കിയിട്ടുണ്ട്. പദ്ധതിയുടെ ആകെ നിർമ്മാണ ചെലവ് 7525 കോടി രൂപയാണ്. |
| (ഇ) | പോർട്ട് ഓപ്പറേറ്ററെ നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; | (ഇ) | ഗവൺമെന്റ് ഓഫ് ഇന്ത്യ പ്ലാനിംഗ് കമ്മീഷൻ പ്രസിദ്ധീകരിച്ച മോഡൽ കൺസഷൻ എഗ്രിമെന്റ് (എം. സി. എ.) ആധാരമാക്കി തയ്യാറാക്കപ്പെട്ട ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിൽ (ഡി. സി.എ) ഉള്ള വ്യവസ്ഥകൾക്ക് വിധേയമായി, പോർട്ട് ഓപ്പറേറ്ററെ നിശ്ചയിക്കുന്നതിനായി ആർ.എഫ്.പി രേഖ പ്രകാരം ഒരേ ഒരു 'Bid Parameter' മാത്രമാണ് ഉള്ളത്. അതായത് പ്രീമിയം തുക അല്ലെങ്കിൽ ഗ്രാന്റ് തുക. ഏറ്റവും കൂടുതൽ പ്രീമിയം നല്കുന്നതോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ ഗ്രാന്റ് ആവശ്യപ്പെടുന്നതോ ആയ കമ്പനിയെയാണ് അന്തിമമായി തെരഞ്ഞെടുക്കുന്നത്. |
| (എഫ്) | പോർട്ട് ഓപ്പറേറ്ററെ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആരെയാണ് നിശ്ചയിച്ചത് ; | (എഫ്) | കരാർ നല്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ജി) | വിഴിഞ്ഞം തുറമുഖ നിർമ്മാണം എന്ന് പൂർത്തിയാകും ; ബ്രേക്ക് ഈവൺ ആവുക എന്നാണ് ; വിശദാംശം ലഭ്യമാക്കാമോ ? | (ജി) | വിഴിഞ്ഞം തുറമുഖം, നിർമ്മാണം തുടങ്ങി നാലു വർഷത്തിനകം പൂർത്തിയാകും. പദ്ധതിയുടെ ഫിനാൻഷ്യൽ & ട്രാൻസാക്ഷൻ അഡ്വൈസർ, ഏണസ്റ്റ് & യംങ് തയ്യാറാക്കിയ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 15% ഇക്വിറ്റി |

ഐ.ആർ.ആർ (ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ) ലഭ്യമാക്കുന്നതിനായി 1664 കോടി രൂപ വി.ജി.എഫ് ആവശ്യം വരുമെന്നാണ് കണക്കാക്കിയിരിയ്ക്കുന്നത്.

സെക്ഷൻ ഓഫീസർ